# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 942

11.06.2014 ലെ മറുപടിക്ക്

### സോഷ്യൽ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | റെസ്പോൺസിബിൾ ടൂറിസം എന്ന പേരിൽ ഒരു സോഷ്യൽ ടൂറിസം പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) | ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട ജീവിതരീതിയും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കുവാൻ സഹായിക്കുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ പാരിസ്ഥിതിക, സാംസ്കാരിക, പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. |
| സി) | അന്യംനിന്നു പോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാരൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് | സി) യും ഡി) യും | കേരളത്തിൽ അന്യംനിന്നു പോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലാരൂപങ്ങൾ സംരക്ഷിക്കാൻ വിനോദ സഞ്ചാര വകുപ്പ് എല്ലാ ജില്ലകളിലും |

(..........2)

പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

ഡി) പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

'ഉത്സവം' എന്ന പേരിൽ വിപുലമായ ഒരു പദ്ധതി സംഘടിപ്പിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലും അതാത് ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്കാണ് മേൽ പരിപാടികളുടെ നടത്തിപ്പിന്റെ ചുമതല. എല്ലാ ജില്ലകളിലും ആകർഷകമായ വേദികൾ തെരഞ്ഞെടുത്ത് പരമ്പരാഗത, നാടോടി, അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്നത് അതാതു മേഖലകളിലെ പ്രമുഖരായ കലാകാരന്മാരാണ്. കേരളാ ഫോക്ക്ലോർ അക്കാദമിയുമായി സഹകരിച്ചാണ് 'ഉത്സവം' പരിപാടിയിലേക്ക് കലാരൂപങ്ങളേയും കലാകാരന്മാരേയും തെരഞ്ഞെടുക്കുന്നത്. ടൂറിസം സീസണിൽ പരിപാടികൾ സംഘടിപ്പിക്കുന്നതുകൊണ്ട് വിനോദ സഞ്ചാരികൾക്ക് നമ്മുടെ തനത് അനുഷ്ഠാന കലകളേയും കലാകാരന്മാരെ പരിചയപ്പെടുവാനും കേരളത്തിന്റെ പാരമ്പര്യം മനസ്സിലാക്കുവാനും സാധിക്കുന്നു.

സെക്ഷൻ ഓഫീസർ